**ഭൂമി**-പാർപ്പിടം-അധികാരം-തുല്യനീതി എന്ന മുദ്രാവാക്യമുയർത്തി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടക്കുന്ന 'ചലോ തിരുവനന്തപുരം' അവകാശ പ്രഖ്യാപന റാലിയുടെ ഉദ്ഘാടനം ജനുവരി 29ന് ചെങ്ങറ സമരഭൂമിയിൽ വച്ച് ജിഗ്നേഷ് മേവാനി നിർവഹിക്കുകയാണ്. തുടർന്ന് ജാതിക്കോളനികൾ തുടച്ചുനീക്കുക-കേരള മോഡൽ പൊളിച്ചെഴുതുക എന്ന മുദ്രാവാക്യമുയർത്തി, കോളനികളിലൂടെയും ചേരികളിലൂടെയും പുറമ്പോക്കുകളിലൂടെയും പ്രചരണം നടത്തി, കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് ഏപ്രിൽ-മെയ് മാസങ്ങളിൽ പദയാത്രയും സംഘടിപ്പിക്കുന്നു. ടാറ്റ-ഹാരിസൺ തുടങ്ങിയ കുത്തകകൾ വ്യാജ ആധാരങ്ങളിലൂടെയും നിയമവിരുദ്ധമായും കൈവശം വെയ്ക്കുന്ന അഞ്ച് ലക്ഷം ഏക്കർ തോട്ടംഭൂമി നിയമനിർമ്മാണത്തിലൂടെ ഏറ്റെടുത്ത്, ആദിവാസി, ദലിത്, ഇതര പിന്നോക്ക ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്നും 'ചലോ തിരുവനന്തപുരം' ആവശ്യപ്പെടുന്നു. പദയാത്രയുടെ രാഷ്ട്രീയലക്ഷ്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഭൂ അധികാര സംരക്ഷണ സമിതി മുന്നോട്ടുവയ്ക്കുന്ന മാനിഫെസ്റ്റോ.

# ജാതിക്കോളനികൾ തുടച്ചുനീക്കുക കേരള മോഡൽ പൊളിച്ചെഴുതുക

ഭൂമി–പാർപ്പിടം–അധികാരം–തുല്യനീതി എന്ന മുദ്രാവാക്യമുയർത്തി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടക്കുന്ന 'ചലോ തിരുവനന്തപുരം' അവകാശ പ്രഖ്യാപന റാലിയുടെ ഉദ്ഘാടനം ജനുവരി 29ന് ചെങ്ങറ സമരഭൂമിയിൽ വച്ച് ജിഗ്നേഷ് മേവാനി നിർവഹിക്കുകയാണ്. എന്താണ് പദയാത്രയുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ എന്ന് വിശദീകരിക്കുന്ന മാനിഫെസ്റ്റോയിൽ നിന്നും...

**ഭൂ അധികാര സംരക്ഷണ സമിതി**

**1.** വൈദേശിക ശക്തികളിൽ നിന്നും ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതി ഉറപ്പാക്കപ്പെടും എന്ന് സ്വപ്നം കണ്ടിരുന്നു. ജാതീയവും വംശീയവും ഭാഷാപരവും മതപരവുമായ വൈവിധ്യങ്ങളാൽ സംഘർഷഭരിതമായ ഇന്ത്യയിൽ രൂപം കൊള്ളുന്ന ഒരു ജനാധിപത്യ ഭരണകൂടത്തിൽ ഭരണപങ്കാളിത്തവും തുല്യനീതിയും ഉറപ്പാക്കാൻ ആദിവാസികൾ, ദലിതർ, മത-വംശീയ ന്യൂനപക്ഷങ്ങൾ, കർഷകർ, തൊഴിലാളികൾ, ജനാധിപത്യ ശക്തികൾ തുടങ്ങിയവർ നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. സഹസ്രാബ്ദങ്ങളായി സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരുടെ പോരാട്ടത്തിന്റെ ശബ്ദമാണ് ഡോ:അബേദ്കറിലൂടെയും അസംഖ്യം ദേശീയ നേതൃത്വങ്ങളിലൂടെയും സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിൽ മുഴങ്ങികേട്ടത്. ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ വ്യക്തികളുടെയും സാമൂഹികവിഭാഗങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും അവകാശത്തിന്റെയും നിരവധി ഘടകങ്ങൾ ഉൾക്കൊള്ളിക്കാൻ നമ്മുടെ ദേശീയ നേതൃത്വങ്ങൾക്ക് കഴിഞ്ഞിരുന്നെങ്കിലും, ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മൗലികമായ ആശയങ്ങളും ക്ഷേമരാഷ്ട്ര സങ്കൽപ്പവും ഇന്ന് കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. കോർപ്പ

റേറ്റ് ശക്തികളുടെ മേധാവിത്തവും ജാതി മതഉച്ചനീചത്വങ്ങളെ ശാശ്വതമായി നില നിർത്തുന്ന ഹിന്ദുപുനരുജ്ജീവന ശക്തിക ളുടെ സജീവസാന്നിധ്യവുമാണ് ഇന്ത്യൻ ജനാധിപത്യം ഇന്ന് നേരിടുന്ന വെല്ലുവിളികൾ.

**2.** സംഘപരിവാർ - കോർപ്പറേറ്റ് ശക്തി കൾക്കും അവരുടെ തദ്ദേശീയ ദല്ലാളുകൾക്കു മെതിരെ ഇന്ത്യയിലെമ്പാടും നാനാതുറയി ലുള്ള ജനവിഭാഗങ്ങൾ ചെറുത്തുനിൽപ്പ് സമ രത്തിലാണ്. ആദിവാസികൾ, ദലിതർ, സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, മത വംശീയ ന്യൂനപക്ഷങ്ങൾ, ദേശീയതകൾ തുടങ്ങി വൈവിധ്യമാർന്ന ജനവിഭാഗങ്ങൾ ഇതിൽപെടും. ഭൂമിക്കും, പാർപ്പിടത്തിനും, അധികാരത്തിനും വേണ്ടിയുള്ള സമരത്തോ ടൊപ്പം പ്രകൃതി-വന- വിഭവവിനിയോഗത്തിൽ തുല്യനീതി എന്ന ആവശ്യമാണ് ഏറെക്കുറെ എല്ലാ ജനസമൂഹങ്ങളും ഉയർത്തുന്നത്. ജന മുന്നേറ്റങ്ങളെ അടിച്ചമർത്തുന്ന ഭരണകൂടശ ക്തികൾ, ജനാധിപത്യ ചിന്തകളുടെ എല്ലാ ഉറ വിടങ്ങളെയും ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. കാൽബുർഗി വധവും, രോഹിത് വെമൂലയുടെ ആത്മാഹൂതിയും ഇതിന്റെ പ്രതിഫലനങ്ങളാ ണ്. എങ്കിലും ജാതിവാദികളുടെയും പശുവാ ദികളുടെയും കോട്ടകളിൽ നിന്നുതന്നെ പുതിയ ജനാധിപത്യശക്തികൾ ഉയർന്നുവന്നു കൊണ്ടിരിക്കുകയാണ്. "പശുവിന്റെ വാൽ നിങ്ങളെടുത്തുകൊള്ളൂ! കൃഷി ഭൂമി ഞങ്ങൾക്ക് തരൂ..." എന്ന മുദ്രാവാക്യമു യർത്തിയ ഗുജറാത്തിലെ 'ചലോ ഉന' പ്ര സ്ഥാനം സംഘപരിവാറിന്റെയും കോർപ്പറേറ്റ് രാജിന്റെയും കോട്ടയായ ഗുജറാത്തിൽ നിന്നു തന്നെ ഉയർന്നുവന്നിരിക്കുകയാണ്. പ്രക്ഷോ ഭകാരികളായ ബഹുജനങ്ങളുടെ അതിവിപുല മായ പിന്തുണ ഈ മുന്നേറ്റത്തിന് ലഭിച്ചിട്ടു ണ്ട്. ജാതിമേധാവിത്തത്തിന്റെ ഇരകളായ ദലി തരുടെയും ദരിദ്രരുടെയും മതന്യൂനപക്ഷങ്ങ ളുടെയും ജനാധിപത്യശക്തികളുടെയും അതി വിപുലമായ സമരമുന്നണിയാണ് ഉയർന്നുവരു ന്നത്. 'ചലോ ഉന' പ്രസ്ഥാനത്തെ തുടർന്ന് നടന്ന 'ചലോ ഉടുപ്പി' പ്രസ്ഥാനത്തിന് ശേഷം, കേരളത്തിലെ ജാതികോളനികൾ അവസാനി പ്പിച്ച് ഭൂമി-പാർപ്പിടം-അധികാരം എന്ന മുദ്രാ വാക്യമുയർത്തുന്ന 'ചലോ തിരുവനന്തപുരം' എന്ന നവജനാധിപത്യ മുന്നേറ്റമായും മാറുക യാണ്.

**3.** ആഗോളവൽക്കരണവും നവകൊളോ ണിയൽ മേധാവിത്തവും ഇന്ത്യയിലെ ബഹു ഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളുടെ കാർഷിക-സാമ്പത്തിക-രാഷ്ട്രീയ ജീവിത ത്തിൽ ഉണ്ടാക്കിയ മാറ്റം ചെറുതല്ല. അത് തദ്ദേ ശീയ ജാതി-മതശക്തികളിൽ വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാക്കിയിട്ടുണ്ട്. 1990-ന് ശേഷം സാമൂഹിക നീതിക്ക് വേണ്ടിയുള്ള മണ്ഡൽകമ്മീഷൻ നിർദ്ദേശങ്ങൾ ഇന്ത്യയിലെ പിന്നോക്ക സാമുദായിക വിഭാഗങ്ങളിൽ വമ്പിച്ച ഉണർവ്വ് സൃഷ്ടിക്കുകയും പിന്നോക്ക സാമുദായികവിഭാഗങ്ങളിൽ ശാക്തീകരണ ത്തിന് കളമൊരുക്കുകയും ചെയ്തിരുന്നു. എന്നാൽ ആഗോളവൽക്കരണത്തിന്റെ ഭാഗമാ യി കോർപ്പറേറ്റ് മൂലധന ശക്തികൾക്ക് ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ നിയന്ത്രണമു റപ്പിക്കാൻ കഴിയുകയും ഇന്ത്യയിലെ കർഷക സമൂഹങ്ങളിൽ ശക്തമായ പ്രത്യാഘാതം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ജാതി - മതശക്തികളുടെ പുനരുജ്ജീവനത്തിനും കള മൊരുക്കിയിരിക്കുകയാണ്. ആഗോളവൽക്ക രണം സൃഷ്ടിക്കുന്ന നഷ്ടങ്ങൾക്ക് കാരണം അന്യസമുദായക്കാരും അന്യമതസ്ഥരുമാ ണെന്ന് ജാതി - മതശക്തികൾ ചിന്തിക്കുന്നു. പ്രബലരായ ഗുജ്ജാറുകളും, ജാട്ടുകളും, കാപ്പു കളും, മറാത്തകളും, പട്ടേലുകളും കൂടുതൽ സംഘടിതരാവുകയാണ്. സംഘപരിവാർ ശക്തികളുടെ കാവിവൽക്കരണം പശുവാദത്തി ലൂടെ ശക്തിപ്പെടുകയാണ്. കോർപ്പറേറ്റ് രാജ് ശക്തമാക്കാനുള്ള സാമൂഹികാടിത്തറയാണ് ഇതുവഴി ഹൈന്ദവശക്തികൾ ഒരുക്കുന്നത്.

പശുവാദത്തിന്റെ പേരിൽ മതന്യൂനപക്ഷ ങ്ങൾക്കും ദലിതർക്കും എതിരെ സംഘപരി വാർ നടത്തുന്ന ആക്രമണത്തിന്റെ മറുവശ മായി ഇന്ത്യയിലെ ആദിവാസികൾ അധിവ സിക്കുന്ന വനമേഖലകളിലേക്കും കർഷകരുടെ ഭൂമിയിലേക്കും കോർപ്പറേറ്റുകൾ കടന്നുകയ റുകയാണ്. ഭൂമി തട്ടിയെടുക്കപ്പെട്ടും, കാർഷിക മേഖലയുടെ തകർച്ച കൊണ്ടും സ്വന്തം മണ്ണിൽ നിന്നും പിഴുതെറിയപ്പെടുന്ന കർഷക നും, മത്സ്യമേഖലയിൽ നിന്നും പുറന്തള്ളപ്പെ ടുന്ന മത്സ്യതൊഴിലാളികളും ഇതിന്റെ ഇരക ളാണ്. പ്രകൃതി - വന-വിഭവങ്ങളിൽ നിന്നും പരമ്പരാഗത സമൂഹങ്ങൾ പിഴുതെറിയപ്പെടു മ്പോൾ, സംഘപരിവാർ - കോർപ്പറേറ്റ് ശക്തി കളുടെ മർദ്ദനമുറകൾ വിശാലമാക്കുകയാണ്. അതിക്രമത്തിന്റെ ഇരകളാക്കപ്പെടുന്നത് സ്ത്രീകളും ദലിതരും മത-വംശീയന്യൂനപക്ഷ ങ്ങളും ട്രാൻസ്ജെൻഡറുകളും, മറ്റ് പാർശ്വ വൽകൃതരുമാണ്. ദലിതർക്കെതിരെ സാമ്പത്തി കവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ സമഗ്രാധിപത്യം നില നിർത്താൻ നിരന്തരമുള്ള മർദ്ദനമുറകളാണ് സംഘപരിവാർ ശക്തികൾ തുടരുന്നത്. ജാതി ഇന്ത്യയുടെ കോട്ടകളായ സംസ്ഥാനങ്ങളിൽ ദലിതർ ആസൂത്രിതമായി ആക്രമിക്കപ്പെടു

കയും മർദ്ദനമുറകൾ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെടുകയുമാണ്. മോദിഭരണത്തിൽ പ്ലാനിംഗ് കമ്മീഷൻ ഇല്ലാതാകുന്നതോടെ ദലിത്-ആദിവാസി വിഭാഗങ്ങൾക്കായുള്ള പ്രത്യേകഘടക പദ്ധതികൾ റദ്ദാക്കപ്പെടുകയാണ്. ദലിത് ജനവിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണനിയമങ്ങൾ (SC / ST Act) റദ്ദാക്കണമെന്ന പ്രതിലോമപരമായ ആവശ്യങ്ങളും ശക്തിപ്പെടുകയാണ് (മഹാരാഷ്ട്രയിലെ മറാത്താ പ്രസ്ഥാനക്കാർ അടുത്തകാലത്ത് നടന്ന റാലിയിൽ ശക്തമായി ആവശ്യപ്പെടുകയുണ്ടായി). ജാതി ഇന്ത്യയുടെ കോട്ടകളിൽ ദലിതർക്കെതിരെ നടക്കുന്ന സംഘടിത ആക്രമണങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ജാതി തൊഴിലുകൾ വലിച്ചെറിയാനും ഭൂമി ഉൾപ്പെടെയുള്ള വിഭവാധികാരം ഉന്നയിക്കാനും 'ഉന' പ്രസ്ഥാനത്തിന് കഴിഞ്ഞത്. ഇന്ത്യയിലെമ്പാടുമുള്ള പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കും, ദലിത് – ആദിവാസി ജനവിഭാഗങ്ങൾക്കും ഊർജ്ജം പകരുന്ന ഈ മുന്നേറ്റം പ്രകൃതി – വന – വിഭവാധികാരത്തിൽ നിന്നും മുറിച്ചു മാറ്റപ്പെട്ട കേരളത്തിലെ ജാതികോളനികളിൽ അടിമകളായി കഴിയുന്ന ജനവിഭാഗങ്ങൾക്കും ഊർജ്ജം പകരുന്നതാണ്. 'കേരള മോഡൽ വികസനം' എന്ന പേരിൽ ഖ്യാതി നേടിയ പദ്ധതിയുടെ ഇരകളായ ദലിതർ – ആദിവാസികൾ – ലയങ്ങളിലെ തോട്ടം തൊഴിലാളികൾ, മത ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, മത്സ്യതൊഴിലാളികൾ, മറ്റ് പാർശ്വവൽകൃത വിഭാഗങ്ങൾ തുടങ്ങിയവരെല്ലാം ഭൂമി – പാർപ്പിടം – അധികാരം എന്നിവ തിരിച്ചുപിടിക്കാൻ ജനാധിപത്യ കേരളത്തിന്റെ 'കേരള മോഡൽ വികസന' പദ്ധതിയെ വിമർശനവിധേയമാക്കുകയാണ്.

**4.** ഇന്ത്യ ഒരു ഏകീകൃത ജനാധിപത്യ രാഷ്ട്രമായി ഉദ്ഗ്രഥിക്കുന്നതിൽ തദ്ദേശീയ ജനവിഭാഗങ്ങളായ ആദിവാസികൾ, ദലിതർ, പിന്നോക്ക വിഭാഗക്കാർ, മത- വംശീയ ന്യൂനപക്ഷങ്ങൾ, ഭാഷാ ദേശീയ വിഭാഗങ്ങൾ, കർഷകർ, തൊഴിലാളികൾ, പരമ്പരാഗത തൊഴിൽ സമൂഹങ്ങൾ തുടങ്ങിയവർ വഹിച്ച പങ്ക് ചെറുതല്ല. ഡോ. അംബേദ്കറുടെ സാമൂഹിക ജനാധിപത്യ സങ്കൽപങ്ങളും ഫെഡറൽ രാഷ്ട്ര സങ്കൽപങ്ങളും ഗണനീയമായ പങ്കുവഹിച്ചു എന്നതും തർക്കറ്റ സംഗതിയാണ്. ഹിന്ദുത്വവാദികൾക്കും ബ്രിട്ടീഷ് ഭരണാധികാരികൾക്കുമെതിരെ ശക്തമായി പോരാടിക്കൊണ്ടാണ് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന തദ്ദേശീയ ജനതകൾ ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ പ്രാതിനിധ്യവും അവകാശവും സ്ഥാപിച്ചെടുക്കുന്നത്. ദേശീയതലത്തിൽ ഏകീകൃത രാഷ്ട്രത്തിനും ജനാധിപത്യ ഭരണഘടനയ്ക്കും വേണ്ടി രാഷ്ട്രീയ മുന്നേറ്റങ്ങൾ നടക്കുമ്പോൾ, ശക്തമായ നവോത്ഥാനധാരകൾ കേരളത്തിലുമുണ്ടായിരുന്നു. കൊളോണിയൽ ശക്തികൾക്കും, നാടുവാഴിത്ത – ജാതി മേധാവിത്തത്തിനുമെതിരെ വളർന്നുവന്ന ഈ മുന്നേറ്റങ്ങൾ വിഭവാധികാരം – സാമൂഹിക നീതി – സ്വയംഭരണം എന്നിവയ്ക്കു വേണ്ടിയുള്ള ശക്തമായ മുന്നേറ്റങ്ങളുമായിരുന്നു. കർഷകർ, കർഷകതൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ, സംഘടിത തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, മറ്റ് ജനാധിപത്യ – ദേശാഭിമാന ശക്തികൾ തുടങ്ങിയവർ തിരുവിതാംകൂർ – കൊച്ചി മലബാർ എന്നീ മേഖലകളിൽ വലിയ മുന്നേറ്റം സൃഷ്ടിച്ചിട്ടുണ്ട്. കൊളോണിയൽ – ജാതി മേധാവിത്തത്തിനെതിരെ തദ്ദേശീയ ജനവിഭാഗങ്ങളായ ദലിതർ (അയിത്തജാതിക്കാർ) ആദിവാസികൾ, മറ്റ് പാർശ്വവൽകൃതർ തുടങ്ങിയവരുടെ മുന്നേറ്റവും ശക്തമായിരുന്നു. മനുഷ്യരുടെ അടിസ്ഥാന ജനാധിപത്യ അവകാശങ്ങളും മനുഷ്യാവകാശങ്ങളും ഉയർത്തിക്കൊണ്ടുവന്ന മഹാത്മാ അയ്യങ്കാളി, പൊയ്കയിൽ അപ്പച്ചൻ, ജോൺജോസഫ്, പണ്ഡിറ്റ് കറുപ്പൻ, വൈകുണ്ഡ സ്വാമികൾ, ശ്രീനാരായണഗുരുദേവൻ തുടങ്ങിയ നവോത്ഥാന നേതൃത്വങ്ങളും നായർ, ഈഴവർ, ക്രൈസ്തവർ, മുസ്ലീം തുടങ്ങിയ സമുദായങ്ങളുടെയും സമുദായ നേതൃത്വങ്ങളുടെയും സാമുദായിക – രാഷ്ട്രീയ മുന്നേറ്റങ്ങളും ഐക്യകേരളം സൃഷ്ടിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഇതിനെല്ലാറ്റിനും പുറമെ കൊളോണിയൻ – രാജവാഴ്ച അവസാനിപ്പിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന കർഷക സമരങ്ങളും പുന്നപ്രവയലാർ സമരവും, മലയാളി മെമ്മോറിയലും, ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ നടന്ന മലബാർ കലാപവും ഐക്യകേരളത്തിലേക്ക് നയിക്കുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ദേശീയതലത്തിൽ ജാതി നശീകരണവും സാമൂഹിക സമത്വവും ലക്ഷ്യം വെച്ചുകൊണ്ടു നടന്ന ഫെഡറൽ രാഷ്ട്രനിർമ്മിതിയെക്കുറിച്ചുള്ള സംവാദങ്ങളൊന്നും കേരളത്തിലെ സംഘടിത രാഷ്ട്രീയ നേതൃത്വങ്ങൾ പരിഗണിച്ചിരുന്നില്ല. കമ്മ്യൂണിസറ്റ് പാർട്ടിയും ദേശീയ പാർട്ടിയായ കോൺഗ്രസ്സും ജനാധിപത്യ കേരളത്തിലെ പാർശ്വവൽകൃത സമൂഹങ്ങളുടെയും സ്ത്രീകളുടെയും ഭൂമി- വന- വിഭാവാധികാരത്തെക്കുറിച്ചും രാഷ്ട്രീയാധികാരത്തെക്കുറിച്ചും തികച്ചും യാഥാസ്ഥിതികമായ കാഴ്ചപ്പാടുകൾ മാത്രം വച്ചുപുലർത്തിയവരാണ്.




പാർശ്വവൽകൃതരായ ജനവിഭാഗങ്ങളുടെ ഭരണഘടന വകുപ്പുകളെക്കുറിച്ച് അവർ അജ്ഞരായിരുന്നു. ഇക്കാരണത്താൽ ദേശീയ രാഷ്ട്രീയ നിർമ്മിതിയുടെ അതേ കാലഘട്ടത്തിൽ നടന്ന ഐക്യകേരള രൂപീകരണ പ്രക്രിയയിൽ നിന്നും വിഭവാധികാരത്തിൽ നിന്നും തദ്ദേശീയരായ ഗണ്യമായ വിഭാഗത്തെ സമ്പൂർണ്ണമായും പാർശ്വവൽക്കരിച്ചു.

**5.** അൻപതുകളിലെ കേരളം ലോകരാജ്യങ്ങളിലെ ശ്രദ്ധാകേന്ദ്രമായി കണക്കാക്കപ്പെടുന്നു. നവോത്ഥാന പാരമ്പര്യമുള്ള കേരളത്തിൽ, മനുഷ്യന്റെ മോചനം ലക്ഷ്യം വെക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കിട്ടിയ സ്വീകാര്യത അത്ഭുതകരമായ മാറ്റങ്ങൾക്ക് കാരണമായി. പട്ടിണി പാവങ്ങൾ, തൊഴിലാളികൾ, കർഷകർ, മറ്റ് അദ്ധ്വാനിക്കുന്ന വർഗ്ഗക്കാർ തുടങ്ങിയവരുടെ സംഘടിത പ്രസ്ഥാനമായി കമ്മ്യൂണിസ്റ്റ് പാർട്ടി മാറിയപ്പോൾ ഭരണഘടന നിർമ്മാതാക്കളായ ഡോ: അംബേദ്കർ മുന്നോട്ടുവച്ച മൗലികമായ സ്വാതന്ത്ര്യ സങ്കൽപങ്ങൾ ഉൾക്കൊണ്ടിരുന്നില്ല. ആയതിനാൽ, തദ്ദേശീയ ജനവിഭാഗങ്ങളായ ദലിതർ, ആദിവാസികൾ – സ്ത്രീകൾ– മറ്റ് പാർശ്വവൽകൃതവിഭാഗങ്ങൾ തുടങ്ങിയവരെ ഉൾക്കൊള്ളുന്ന സാമൂഹിക ജനാധിപത്യമോ ഭരണ-രാഷ്ട്രീയ സംവിധാനങ്ങളോ, കാർഷിക – ഭൂപരിഷ്കരണമോ, പരിരക്ഷാ, നിയമനിർമ്മാണങ്ങളോ ഐക്യകേരളത്തിന്റെ ചർച്ചയുടെ ഭാഗമായിരുന്നില്ല. പകരം കൊളോണിയൽ സമ്പദ്ഘടനയിലേക്ക് കേരളത്തെ പരിവർത്തനം ചെയ്തു. കാർഷിക സംസ്കൃതിയെ ക്രമേണ ദുർബ്ബലപ്പെടുത്തി പ്രകൃതി -വിഭവങ്ങളെ വിൽപനച്ചരക്കാക്കി മാറ്റുന്ന സമ്പദ്ഘടനയെ പരിപോഷിപ്പിച്ചു. പാട്ടക്കുടിയാന്മാരിൽ നിന്നും കുടിയേറ്റ മേഖലയിൽ നിന്നും ഉയർന്നുവന്ന പുത്തൻവർഗ്ഗങ്ങളെയും സേവനമേഖലയിൽ നിന്നും ഉയർന്നുവന്ന പുത്തൻ പണക്കാരെയും വളർത്തിക്കൊണ്ടുവന്നു. നവകോളോണിയൽ കാലഘട്ടത്തിൽ ഉയർന്നുവന്ന പുത്തൻവർഗ്ഗക്കാരുടെ സാമൂഹിക- സാമ്പത്തിക താൽപര്യങ്ങൾ നിറവേറ്റുന്ന ഒന്നായി മുന്നണി രാഷ്ട്രീയത്തെയും കേരള മോഡലിനെയും പരിവർത്തനപ്പെടുത്തി. സമ്പന്നരായ സവർണ്ണ ജാതി വിഭാഗങ്ങളുടെയും നായർ – ഈഴവ- ക്രൈസ്തവ – മുസ്ലീം തുടങ്ങിയ സംഘടിത സമുദായങ്ങളുടെയും സമ്മർദ്ദത്തിൽ പ്രവർത്തിക്കുന്ന ഒന്നായി കേരളത്തിലെ മുന്നണി രാഷ്ട്രീയവും സ്ഥാപനവൽക്കരിക്കപ്പെട്ടു.

**6.** കേരളത്തിന്റെ നട്ടെല്ലായ പരമ്പരാഗത സമൂഹങ്ങളുടെ അറിവും, പാരമ്പര്യജ്ഞാനവും പ്രകൃതിയുടെ സാധ്യതകളും തിരിച്ചറിയാതെ പോവുകയും, കൊളോണിയൽ വിധേയത്വം തുടർന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള ദേശീയ പ്രസ്ഥാനക്കാർക്ക് കാലാനുസൃതം മാറാനും കഴിയാതെ പോയതിന്റെ ഫല

മാണ് കേരള മോഡലിന്റെ പതനം. ഐക്യകേരളം രൂപപ്പെടുന്ന കാലഘട്ടത്തിലെ കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയിലും പാരിസ്ഥിതിക ആവാസവ്യവസ്ഥയിലും കൊളോണിയൽ ശക്തികൾ വരുത്തിയ ആഘാതത്തെക്കുറിച്ചും പരമ്പരാഗത സമൂഹങ്ങളിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ചും, കമ്മ്യൂണിസ്റ്റുകളും ദേശീയവാദികളായ കോൺഗ്രസുകാരും ആശങ്ക പുലർത്തിയിരുന്നില്ല. അവരുടെ ആശങ്ക സ്വന്തം ജാതികളെക്കുറിച്ച് മാത്രം ഒതുങ്ങിനിന്നു.

ഐക്യകേരളത്തിന് മുമ്പുള്ള നാട്ടുരാജ്യങ്ങളുടെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നത് വനവിഭവങ്ങളും സുഗന്ധവ്യഞ്ജനങ്ങളുമായിരുന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണ്. ജാതിവ്യവസ്ഥയുടെ സങ്കീർണ്ണത കൊണ്ടുതന്നെ കാർഷിക മിച്ചത്തിൽ നിന്നുള്ള വിഭവം കൊണ്ടുമാത്രം നാട്ടുരാജ്യങ്ങൾക്ക് ഭരണക്രമം നിലനിർത്താൻ കഴിയുമായിരുന്നില്ല. നാട്ടുരാജ്യങ്ങളുടെ സമ്പദ് സ്രോതസ്സ് വനോൽപന്നങ്ങളും, പരമ്പരാഗത സമൂഹങ്ങളുമായിരുന്നു. അതുകൊണ്ടുതന്നെയാവണം, വൈദേശിക ശക്തികളുമായുള്ള യുദ്ധങ്ങളിലേറെയും പണ്ടികശാലകളുടെ നിയന്ത്രണം ഉറപ്പുവരുത്തുന്നതിനായിരുന്നു. കൊളോണിയൽ മേധാവിത്തം സ്ഥാപിക്കുന്നതോടെ, പശ്ചിമഘട്ട മേഖലയിലേക്കും വനമേഖലയിലേക്കുമുള്ള കടന്നുകയറ്റവും തോട്ടങ്ങൾ സ്ഥാപിക്കലും നാട്ടുരാജ്യങ്ങളുടെ സമ്മതത്തോടെയായി.

കൊളോണിയൽ താല്പര്യമനുസരിച്ച് ആദിവാസി സമൂഹങ്ങളുടെ വനാവകാശം നിഷേധിക്കുകയും, വനനശീകരണം നടത്തി വൻകിട തോട്ടങ്ങൾക്ക് അനുമതി നൽകുകയും ചെയ്തു. ദേശീയപാർട്ടികളായ കോൺഗ്രസും കമ്മ്യൂണിസ്റ്റും പൊതുവിൽ കൊളോണിയൽ വിരുദ്ധനിലപാട് വച്ചുപുലർത്തിയിരുന്നെങ്കിലും, ഇടനാടൻ കാർഷിക മേഖലയിലെ ജന്മിവർഗ്ഗങ്ങളും സാമ്രാജ്യത്വശക്തികളും കടുത്ത ചൂഷണത്തിന് വിധേയരാക്കിയ പാട്ടക്കുടിയാന്മാരുടെ സംരക്ഷണത്തിൽ മാത്രം ഒതുങ്ങിനിന്നു. സർ സി.പി.യുടെ പരദേശ ബ്രാഹ്മണാധിപത്യത്തിനും അതിന്റെ സേവകരായ ജന്മിത്തത്തിനും എതിരെയുള്ള ചെറുത്തുനിൽപിലും ഒതുങ്ങിനിന്നു. ആദിവാസികൾ, ദലിതർ, മറ്റ് പാർശ്വവൽകൃതർ തുടങ്ങിയവരെ കൊളോണിയൽ കടന്നുകയറ്റത്തിൽ നിന്നും സംരക്ഷിക്കുന്ന നടപടി സ്വീകരിച്ചില്ല. കമ്മ്യൂണിസ്റ്റുകൾ ഉൾപ്പെടെയുള്ള ദേശീയപാർട്ടികളുടെ ജാതിപരിമിതി ഇതിന് കാരണമാണ്.

**7.** കാർഷിക – വന സമ്പദ് വ്യവസ്ഥയിലേക്കുള്ള കൊളോണിയൽ കടന്നാക്രമണത്തെ ചെറുക്കാൻ കഴിയാത്തതുകൊണ്ട് തന്നെ 1970–കളിൽ കേരളത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണ നടപടിയിൽ പരമ്പരാഗത – കാർഷിക വനാശ്രിത സമൂഹങ്ങളുടെ വിഭവ വിനിയോഗത്തിലെ തുല്യനീതി ഒരിക്കലും പരിഗണിച്ചില്ല. ജന്മിത്തത്തിന് അറുതി വരുത്താനും, പാട്ടക്കുടിയായ്മ വ്യവസ്ഥ അവസാനിപ്പിക്കാനും ഡസൻകണക്കിന് നിയമനിർമ്മാണങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. എന്നാൽ പ്രകൃതി, മണ്ണ്, വനം, തണ്ണീർതടങ്ങൾ, സമുദ്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉപജീവനം കണ്ടെത്തിയിരുന്ന ആദിവാസികൾ, ദലിതർ, മത്സ്യതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ, കർഷക തൊഴിലാളികൾ തുടങ്ങിയവരുടെ വിഭവങ്ങളിലുള്ള പാരമ്പര്യാവകാശം അംഗീകരിക്കുന്ന ഒരു നിയമനിർമ്മാണവും കേരളത്തിൽ നടന്നില്ല.

ഭൂവുടമസ്ഥതയുമായി ബന്ധപ്പെട്ട യൂറോപ്യൻ സമീപനവും ജാതിമേധാവിത്തബോധവും ഇതിൽ നിർണ്ണായക സ്വാധീനം ചെലുത്തി. പ്രകൃതി വിഭവങ്ങൾ, പശ്ചിമഘട്ട മലനിരകൾ, വനങ്ങൾ, ജലസ്രോതസ്സുകൾ, മറ്റ് വിഭവങ്ങൾ, തുടങ്ങിയവയിൽ അധിനിവേശശക്തികളും, വൈദേശിക കോർപ്പറേറ്റുകളായ ടാറ്റ, ഹാരിസൺ തുടങ്ങിയ കുത്തകകമ്പനികളും കൊള്ളയടിക്കുന്നതിനെ പ്രതിരോധിക്കാനും കഴിഞ്ഞില്ല. ദലിതർ, ആദിവാസികൾ, കർഷകതൊഴിലാളികൾ എന്നിവരെ മണ്ണിൽ പണിയെടുക്കുന്നവർ (Tillers of the Land) എന്ന് പരിഗണിച്ചുമില്ല. തദ്ദേശീയരായ ഈ വിഭാഗക്കാരെ കാർഷിക പരിഷ്കരണത്തിൽ നിന്നും ഭൂപരിഷ്കരണത്തിൽ നിന്നും കേരള മോഡൽ വികസനപദ്ധതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി. സ്വാതന്ത്ര്യാനന്തര കേരളത്തിൽ തദ്ദേശീയരായ ജനവിഭാഗത്തിന്റെ പാരമ്പര്യഅറിവുകളും, ജ്ഞാനവും, ശേഷിയും ദേശീയ താൽപര്യത്തോടെ ഉപയോഗിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകളും, ദേശീയപാർട്ടികളും പരാജയപ്പെട്ടു. കേരള മോഡലിന്റെ പരാജയത്തിന്റെ മുഖ്യമായ കാരണമിതാണ്.

മുദ്രാവാക്യമുയർത്തി മുന്നണിരാഷ്ട്രീയക്കാർ രംഗത്തുവരുന്നത്. ചുരുക്കത്തിൽ, ഒരു അടഞ്ഞ കോർപ്പറേഷനായി ജാതിയെ വിലയിരുത്തിയ ഡോ. അംബേദ്കറുടെ നിരീക്ഷണങ്ങൾ അന്വർത്ഥമാക്കുംവിധം, കേരളത്തിലെ ജാതിവ്യവസ്ഥയെ ശാശ്വതമായി നിലനിർത്തുന്ന ഒരു സംവിധാനമായി ജാതികോളനികൾ മാറികഴിഞ്ഞു. *(തുടരും).* ■